"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- പി.എം.എ.വൈ.(നഗരം) -ലൈഫ് പദ്ധതിയിൽ സംസ്ഥാനതല നഗരതല സാങ്കേതിക സെല്ലിൽ പ്രവർത്തിച്ചുവരുന്ന കരാർ ജീവനക്കാരുടെ സേവന കാലാവധി 2025 ഡിസംബർ 31 വരെ ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡി ഇ)വകുപ്പ്**

സ.ഉ.(സാധാ) നം.1626/2025/LSGD തീയതി,തിരുവനന്തപുരം, 30-06-2025

---

പരാമർശം :-

1. സ.ഉ.(സാധാ) നം. 797/2025/LSGD തീയതി 25.03.2025
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 24-3-2025 ലെ LSGD/PD/5124/2025-CSSA1 നമ്പർ കത്ത്
3. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 20.05.2025 ലെ KSHO/2231/2024-N-P-1 നമ്പർ കത്ത്

**ഉത്തരവ്**

പി.എം.എ.വൈ. (നഗരം) -ലൈഫ് പദ്ധതിയിൽ നിലവിൽ നിർമ്മാണ പുരോഗതിയിലിരിക്കുന്ന വീടുകളുടെ പൂർത്തീകരണത്തിന് സംസ്ഥാന കുടുംബശ്രീ മിഷനിലേയും കോർപ്പറേഷനുകളിലെയും നഗരസഭകളിലെയും State Level Technical Cell / City Level Technical Cell (SLTC/CLTC) കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ജീവനക്കാരുടെ സേവനം ആവശ്യമായതിനാൽ ജീവനക്കാർക്കുള്ള ഓണറേറിയം കുടുംബശ്രീയിൽ ലഭ്യമായ BSUP / IHSDP ഫണ്ടിലെ സംസ്ഥാന വിഹിതത്തിന്റെ പലിശ തുകയിൽ നിന്നും ചെലവഴിക്കാവുന്നതാണ് എന്ന വ്യവസ്ഥയിൽ, ജീവനക്കാരുടെ സേവനം 30.06.2025 വരെ ദീർഘിപ്പിച്ചുകൊണ്ട് പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പി.എം.എ.വൈ 2.0 പദ്ധതിയുടെ ധാരണാപത്രത്തിൽ ഏർപ്പെടുന്നതിന് കാലതാമസം നേരിടുന്നപക്ഷം, പദ്ധതിയുമായി ബന്ധപെട്ട പ്രവർത്തനങ്ങളായ ഫീൽഡ്തല ഇടപെടൽ, അംഗീകാരം ലഭ്യമാക്കിയ ഭവനങ്ങളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിന് പിന്തുണ നൽകൽ, അതാത് സമയത്ത് ധനവിനിയോഗ സാക്ഷ്യപത്രം സമർപ്പിച്ച് ഇനിയും ലഭ്യമാക്കാനുള്ള 433 കോടി രൂപ നേടിയെടുത്ത് നഗരസഭകളിലൂടെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യൽ, MIS അപ്ഡേഷൻ, തുടങ്ങിയ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് 2025 ഡിസംബർ 31 വരെ നിലവിലുള്ള ജീവനക്കാരെ നിലനിർത്തേണ്ടതുണ്ട് എന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ

അറിയിച്ചിട്ടുണ്ട്. പ്രസ്തുത ജീവനക്കാരുടെ കാലാവധി 2025 ഡിസംബർ 31 വരെ ദീർഘിപ്പിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർ , കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം 2 ,3പ്രകാരം നിർദ്ദേശം സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പി.എം.എ.വൈ.(നഗരം)- ലൈഫ് പദ്ധതി നടത്തിപ്പിനായി പരാമർശം - 1 ഉത്തരവിന് തുടർച്ചയായി കുടുംബശ്രീ ഡയറക്ടറുടെ ശുപാർശ പ്രകാരമുള്ള നടപടികൾക്കായി പദ്ധതി മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളതും നിലവിൽ പ്രവർത്തിച്ചു വരുന്നവരുമായ സംസ്ഥാന കുടുംബശ്രീ മിഷനിലേയും കോർപ്പറേഷനുകളിലേയും നഗരസഭകളിലേയും State Level Technical Cell / City Level Technical Cell (SLTC/CLTC) ജീവനക്കാരുടെ സേവനം 31.12.2025 വരെ ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ ,തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഏ &ഇ,ഓഡിറ്റ്),കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ. &പി.ആർ.ഡി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 30-06-2025 14:41:21
സെക്ഷൻ ഓഫീസർ